പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1528 12-06-2019-ന് മറുപടിയ്ക്ക്

## കോങ്ങാട് മണ്ഡലത്തിലെ കതിർ പദ്ധതി

**ചോദ്യം**

ശ്രീ. കെ.വി വിജയദാസ്

**ഉത്തരം**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോങ്ങാട് മണ്ഡലത്തിലെ കതിർ പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരം നൽകുമോ; | (എ) | കോങ്ങാട് മണ്ഡലത്തിലെ കതിർ പദ്ധതിയിൽ വിഭാവനം ചെയ്ത വിവിധ ഘടകങ്ങൾ കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിലേയ്ക്കായി എത്ര തുക ഈ വർഷം വിവിധ പദ്ധതികളിലായി നീക്കി വെച്ചിട്ടുണ്ടെന്നുള്ള വിവരം നൽകുമോ ; | (ബി) | കതിർ പദ്ധതിക്കായി പ്രത്യേകം തുക നീക്കി വെച്ചിട്ടില്ല. എന്നിരുന്നാലും കൃഷി വകുപ്പിന്റെ മറ്റു പദ്ധതികളിൽ (നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, സോയിൽ ആൻഡ് റൂട്ട് മാനേജ്മെന്റ് പദ്ധതി മുതലായവ) അനുവദിച്ച ഘടകങ്ങൾ പ്രത്യേക ഊന്നൽ നൽകി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു. |
| (സി) | 19/06/2018 - ന് നിയമസഭ മന്ദിരത്തിലെ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വെച്ച് നടന്ന യോഗത്തിന്റെ തീരുമാന പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ; | (സി) | കതിർ പദ്ധതിക്കായി 4530 ലക്ഷം രൂപയുടെ പ്രോജക്റ്റ് ആർ.കെ.വി.വൈ ൽ സമർപ്പിക്കുകയുണ്ടായെങ്കിലും 09/04/2018 ൽ കൂടിയ State Level Sanctioning Committee യോഗത്തിൽ റീഫർ വാനുകൾ വാങ്ങുന്നതിനായി 16 ലക്ഷം രൂപ മാത്രമാണ് അംഗീകരിച്ചത്. ആയതിനാൽ 19/06/2018 ൽ കൃഷി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ കോങ്ങാട് മണ്ഡലത്തിൽ കൂടുതൽ പ്രാതിനിധ്യം നൽകി നടപ്പിലാക്കുന്നതിനും എഫ്.പി.ഒ രൂപികരിച്ച് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും കോങ്ങാട് ഫാമിൽ ആർ.കെ.വി.വൈ റാഫ്ത്താർ നിയമാവലിക്കനുസൃതമായി ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനം ആകുകയും ഈ വിവരം 03/09/2018 ന് പാലക്കാട് ജില്ല |

| | | | |
|---|---|---|---|
| | | | കൃഷി ഓഫീസറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ആർ.കെ.വി.വൈ - റാഫ്താർ (RAFTAAR) -2018-19 - ലെ മാനദണ്ഡങ്ങൾ സംബന്ധിച്ച് ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശിച്ച പ്രകാരം പാലക്കാട് പി.എ.ഒ, ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ? | (ഡി) | പാലക്കാട് പി.എ.ഒ, ഡി.പി.ആർ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ